**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1777 10/02/2020 ൽ മറുപടിയ്ക്ക്.**

## ടൂറിസ്റ്റ് ബസ്സുകളുടെ പരിശോധന

**ചോദ്യം**

**ശ്രീ. അൻവർ സാദത്ത്**

**മറുപടി**

**ശ്രീ.എ.കെ.ശശീന്ദ്രൻ**

**(ബഹു:ഗതാഗത വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വിനോദ യാത്രക്ക് ഉപയോഗിക്കുന്ന ബസ്സുകളിലെ ചിത്രപണികളും ഛായങ്ങളും പരിധി ലംഘിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ടൂറിസ്റ്റ് ബസ്സുകളിൽ മറ്റു റോഡ് ഉപഭോക്താക്കളുടെ ശ്രദ്ധ തിരിക്കുന്ന തരത്തിലുള്ള ചിത്രങ്ങളും എഴുത്തുകളും പ്രദർശിപ്പിക്കുന്നു എന്ന് വ്യാപകമായ പരാതി ഉയർന്നതിനാലും ഇത്തരം നടപടികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി WP(C)No. 7164/2019 ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചതിനാലും കർശന നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പല ബസ്സുകളിലും നിലവിലുള്ള മാനദണ്ഡങ്ങൾ ലംഘിച്ച് ഡാൻസ് ഫ്ലോറുകൾ പോലും സജ്ജീകരിച്ചിരിക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് വാഹനങ്ങൾ പരിശോധനക്ക് വിധേയമാക്കിയിരുന്നു. |

(മറുപുറം)

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ടൂറിസ്റ്റ് ബസ്സുകൾക്ക് (കോൺട്രാക്ട് ക്യാരേജ്) ഏകീകൃത നിറം ഏർപ്പെടുത്തുന്നതിന് നിർദ്ദേശമുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ടൂറിസ്റ്റ് ബസ്സുകളുടെ പരിശോധന കർശനമാക്കുന്നതിനും, നിയമലംഘനങ്ങൾ കണ്ടെത്തിയാൽ പിഴ ഈടാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | ടൂറിസ്റ്റ് ബസ്സുകൾ ഉൾപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് മോട്ടോർ വാഹന വകുപ്പ് കർശന പരിശോധന നടത്തിവരുന്നു. ഇത്തരം വാഹനങ്ങളുടെ നിയമവിരുദ്ധ സർവ്വീസിനെതിരെ നടത്തിയ "Operation night rider" ൽ 14602 കേസുകൾ റജിസ്റ്റർ ചെയ്യുകയും 5,13,94,000/- രൂപ ഈടാക്കുകയും ചെയ്തു. അനുവാദം കൂടാതെ ചിത്രങ്ങളും പരസ്യങ്ങളും മറ്റും പ്രദർശിപ്പിക്കുന്നതിനെതിരെ നടത്തിയ "Operation Thunder" ൽ 1491 ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും 18,11,300/- രൂപ പിഴയായി ഈടാക്കുകയും ചെയ്തു. ഈ നടപടികൾ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ